# പതിമൂന്നാം കേരള നിയമസഭ
# പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1360 — 20.01.2014 ൽ മറുപടിക്ക്

## കൊല്ലം ജില്ലയിൽ അസിസ്റ്റന്റ് സെയിൽസ്മാൻ നിയമനം

| ചോദ്യം<br>ശ്രീ. ജി. എസ്. ജയലാൽ: | ഉത്തരം<br>ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി ) |
|---|---|
| (എ) സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ അസിസ്റ്റന്റ് സെയിൽസ്മാൻ തസ്തികയിലേക്ക് കൊല്ലം ജില്ലയ്ക്കുവേണ്ടി പി.എസ്.സി റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; | (എ) ഉണ്ട് |
| (ബി) കൊല്ലം ജില്ലയിൽ പ്രസ്തുത തസ്തികയിൽ ആകെ എത്ര ഒഴിവുകളാണുള്ളതെന്നും, ആയത് എവിടെയൊക്കെയാണെന്നും അറിയിക്കുമോ; | (ബി) 4 NJD ഒഴിവുകളും രാജിവച്ചതു മൂലം ഉണ്ടായിട്ടുള്ള 6 ഒഴിവുകളും ഉൾപ്പെടെ 10 ഒഴിവുകൾ നിലവിലുണ്ട്. ഉദ്യോഗാർത്ഥികൾ മേഖലാ ഓഫീസുകളിൽ ഹാജരായതിനു ശേഷം മേഖലാ മാനേജരാണ് പോസ്റ്റിംഗ് ഓർഡർ കൊടുക്കുന്നത്. രാജിവച്ചതു മൂലം ഉണ്ടായിട്ടുള്ള ഒഴിവുകളുടെ വിവരം താഴെ കൊടുക്കുന്നു.<br>കൊട്ടാരക്കര ഡിപ്പോ - 04 എണ്ണം<br>കൊല്ലം ഡിപ്പോ - 02 എണ്ണം |
| (സി) ഒഴിവുള്ള തസ്തികകളിൽ എത്രയെണ്ണം പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; | (സി) ഒഴിവുള്ള തസ്തികകൾ എല്ലാം പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ഡി) കൊല്ലം ജില്ലയിൽ അസിസ്റ്റന്റ് സെയിൽസ്മാൻ തസ്തിക ഒഴിഞ്ഞു കിടക്കുകയും പി.എസ്.സി റാങ്ക് ലിസ്റ്റ് നിലനിൽക്കുകയും ചെയ്തിട്ടും നിയമനം നടത്താത്തത് എന്തുകൊണ്ടാണെന്ന് അറിയിക്കുമോ; തടസ്സങ്ങൾ വല്ലതുമുണ്ടെങ്കിൽ ആയത് വ്യക്തമാക്കുമോ; | (ഡി) കൊല്ലം ജില്ലയിൽ നിലവിൽ ഒഴിവു വന്നിട്ടുള്ള അസിസ്റ്റന്റ് സെയിൽസ്മാൻ തസ്തികകൾ എല്ലാം പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി. തിരഞ്ഞെടുത്തു തന്ന ലിസ്റ്റനുസരിച്ചുള്ള എല്ലാ ഉദ്യോഗാർത്ഥികൾക്കും നിയമന ഉത്തരവ് നൽകിക്കഴിഞ്ഞിട്ടുണ്ട്. |
| (ഇ) പ്രസ്തുത തസ്തികയിലേക്ക് കൊല്ലം ജില്ലയിൽ നിയമനം നടത്തുവാൻ എന്ത് നടപടി സ്വീകരിക്കുന്നുവെന്ന് അറിയിക്കുമോ? | (ഇ) ഒഴിവുവരുന്ന തസ്തികകൾ യഥാസമയം പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യുന്നുണ്ട്. |

Beenan

സെക്ഷൻ ഓഫീസർ